പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 367 30.11.2015 ൽ മറുപടിക്ക്

## ജല ഗതാഗത വകുപ്പ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ.എം. ആരിഫ് : | | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, സ്പോർട്സും, സിനിമയും വകുപ്പുമന്ത്രി) | |
| എ) | ജല ഗതാഗത വകുപ്പിന്റേത് ഉൾപ്പടെ സംസ്ഥാനത്ത് വിവിധ ഭാഗങ്ങളിലായി സർവ്വീസ് നടത്തി വരുന്ന ബോട്ടുകൾ എത്രയാണ്; | (എ) | കേരളത്തിൽ ആലപ്പുഴ, കൊല്ലം, എറണാകുളം, കോട്ടയം, കണ്ണൂർ, കാസർഗോഡ് എന്നീ 6 ജില്ലകളിലായി ജലഗതാഗത വകുപ്പിന്റെ 2 സ്പെയർ ബോട്ടുൾപ്പെടെ 53 ബോട്ടുകൾ സർവ്വീസുകൾ നടത്തി വരുന്നു. |
| (ബി) | സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി സർവ്വീസ് നടത്തി വരുന്ന ബോട്ടുകളുടെയെല്ലാം ഓഡിറ്റ് നടത്തിയിട്ടുണ്ടോ; തന്നാണ്ടിൽ അവശേഷിക്കുന്ന ആഡിറ്റ് എത്ര; | (ബി) | സംസ്ഥാന ജലഗതാഗത വകുപ്പിൽ നിലവിൽ സർവ്വീസ് നടത്തുന്ന ബോട്ടുകളിൽ പ്രത്യേക ഓഡിറ്റുകൾ ഒന്നും നടത്തുന്നില്ല. കേരള തുറമുഖ വകുപ്പിന്റെ സർവേയർമാർ പരിശോധന നടത്തി നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിലാണ് വകുപ്പ് വക ബോട്ടുകൾ സർവ്വീസുകൾക്ക് ഉപയോഗിക്കുന്നത്. വർഷത്തിലൊരിക്കൽ നടത്തുന്ന ടി പരിശോധനയ്ക്കായി വകുപ്പ് ഓൺലൈനായി അപേക്ഷ നൽകുകയും കേരള തുറമുഖ വകുപ്പിലെ അംഗീകൃത സർവേയർ കൃത്യമായി പരിശോധന നടത്തുകയുമാണ് നിലവിൽ ചെയ്തുവരുന്നത്. |

| | | | |
|---|---|---|---|
| (സി) | സർവേ സർട്ടിഫിക്കറ്റ് ഇല്ലാതെ എത്ര ബോട്ടുകൾ നിലവിൽ സർവ്വീസ് നടത്തുന്നുണ്ട് നിലവിലുള്ള ബോട്ടുകളിൽ മരം കൊണ്ട് നിർമ്മിച്ചിട്ടുള്ളത് എത്ര; സ്റ്റീൽ കൊണ്ട് നിർമ്മിച്ചിട്ടുള്ളവ എത്ര; | (സി) | വകുപ്പിന്റെ എല്ലാ സർവ്വീസ് ബോട്ടുകളും സർവ്വീസ് സർട്ടിഫിക്കറ്റുകൾ ഉള്ളവയാണ്. നിലവിലുള്ള സർവ്വീസ് ബോട്ടുകളിൽ 18 ബോട്ടുകൾ തടി കൊണ്ട് നിർമ്മിച്ചവയും, 35 എണ്ണം സ്റ്റീൽകൊണ്ട് നിർമ്മിച്ചവയുമാണ്. |
| (ഡി) | ബോട്ടുകളുടെ ചുമതലയുള്ള വകുപ്പിനാവശ്യമായ സർവ്വേയർമാർ എത്ര ; നിലവിലുള്ളവർ എത്ര? | (ഡി) | ജലഗതാഗത വകുപ്പിന് കീഴിൽ സർവ്വേയർമാർ ഇല്ല, കേരള തുറമുഖ വകുപ്പിന്റെ സർവ്വേയർമാർ ആണ് വകുപ്പ ബോട്ടുകൾ നിലവിൽ പരിശോധിച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ